(സി) കേന്ദ്ര സർക്കാരിൽനിന്നും 29.59 കോടി രൂപ ലഭിച്ചതിൽ 20 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. കഴിഞ്ഞ 4 സാമ്പത്തിക വർഷങ്ങളിലെ കണക്ക് അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.*

(ഡി & ഇ) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തിന്റെ അഭാവം പദ്ധതി നടത്തിപ്പിനെ സാരമായി ബാധിക്കുന്നു. അനുബന്ധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുന്നതിനായി തദ്ദേശ സ്വയംഭരണ സെക്രട്ടറിയെ ചുമതലപ്പെടുത്തിക്കൊണ്ട് 23-5-2014-ൽ ചേർന്ന (SLNA) യോഗം തീരുമാനമെടുക്കുകയും ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയുടെ കത്തിന്മേൽ നടപടി

34 (7331) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് ഡയറക്ടർക്ക് സാമൂഹ്യനീതി വകുപ്പ് സെക്രട്ടറിയുടെ 5-3-2014-ലെ, 18399/ഡി1/13/എസ്ജെഡി. നമ്പർ പ്രകാരമുള്ള കത്ത് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ലഭിച്ചിട്ടുണ്ടെങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ ;

(സി) ഇല്ലെങ്കിൽ എന്നത്തേക്ക് നടപടി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അംഗപരിമിതരായ ജീവനക്കാർക്ക് ഒഴിവുകൾ സംവരണം ചെയ്യുന്നതിലേക്കായി വകുപ്പിൽ നിലവിലുള്ള അംഗപരിമിതരുടെ വിവരമാണ് പ്രസ്തുത കത്തിൽ ആവശ്യപ്പെട്ടിരുന്നത്. സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിലെ വികലാംഗരായ ജീവനക്കാരുടെ വിവരം ക്രോഡീകരിച്ച് നിർദ്ദിഷ്ട ഫോർമാറ്റിൽ സാമൂഹ്യനീതി വകുപ്പിന് നൽകിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

(സി) ബാധകമല്ല.

ക്ഷീരകർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ

35 (7332) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീരകർഷകർക്ക് ക്ഷീരവികസനവകുപ്പ് മുഖേനയും മറ്റ് ഏജൻസികൾ മുഖേനയും നൽകുന്ന സബ്സിഡികൾ, ആനുകൂല്യങ്ങൾ,

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly